പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 595 | 8.7.2013-ന് മറുപടിക്ക്

## നഗരങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, ലൂഡി ലൂയിസ്<br>'' റ്റി. എൻ. പ്രതാപൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) മലിനജലം സംസ്ക്കരിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) നഗരപ്രദേശങ്ങളിൽ ഉണ്ടാകുന്ന വീടുകളിലെയും കച്ചവടസ്ഥാപനങ്ങളിലെയും മലിനജലം ശേഖരിച്ച് മലിനജല സംസ്കരണ പ്ലാന്റിലേക്ക് എത്തിച്ച് അവ ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതി സൗഹൃദമായി നിർമ്മാർജ്ജനം ചെയ്യുന്നതിനാണ് നടപടി എടുത്തു വരുന്നത്. ഇതിൽ മലിനജലം ഉണ്ടാകുന്ന സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന മലിനജലം പമ്പ് ചെയ്തും അല്ലാതെയുമായി മലിനജല സംസ്കരണ പ്ലാന്റിൽ എത്തിച്ച് സംസ്ക്കരണത്തിനു ശേഷം ശുദ്ധീകരിച്ച ജലം പുറത്തേക്ക് ഒഴുക്കുന്ന നടപടിയാണ് കൈക്കൊള്ളുന്നത്. |

| | | | |
|---|---|---|---|
| സി) | ഏതു പദ്ധതിയുടെ ഭാഗമായാണ് ഇതു നടപ്പാക്കാനുദ്ദേശിക്കുന്നത്; | സി | കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതിന് സഹായം നൽകുന്നത്; | ഡി) | ഏഷ്യൻ വികസന ബാങ്ക്, ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം എന്ന കേന്ദ്രാവിഷ്കൃത പദ്ധതി എന്നിവയാണ് ഇതിനു സഹായം നൽകുന്നത്. |
| ഇ) | ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | ഇ) | വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കി അടങ്കൽ തുകയ്ക്ക് ആവശ്യമായ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി എ.ഡി.ബി.യുടെ അനുവാദത്തോടെ ദർഘാസുകൾ ക്ഷണിച്ച് കരാർ ഏല്പിക്കുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തെ പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി കഴിഞ്ഞു. ബാക്കിയുള്ളവയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു |

സെക്ഷൻ ഓഫീസർ